**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 229 10.12.2012 -ൽ മറുപടിയ്ക്ക്**

**പോലീസ് ക്യാമ്പുകളിലെയും സ്റ്റേഷനുകളിലെയും പീഡനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ജെയിംസ് മാത്യു :<br>ശ്രീ എ. പ്രദീപ് കുമാർ :<br>ശ്രീ പുരുഷൻ കടലുണ്ടി :<br>ശ്രീ ആർ. രാജേഷ് : | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| എ) കേരള പോലീസ് നടത്തുന്ന അറസ്റ്റുകൾ ഏറെയും നിയമവിരുദ്ധമായിട്ടുള്ളതാണെന്നും പോലീസ് മൂന്നാംമുറ പ്രയോഗിച്ചു വരികയാണെന്നുമുള്ള പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) പോലീസ് ക്യാമ്പുകളിലും സ്റ്റേഷനുകളിലും പീഡനം നടക്കുന്നുണ്ടെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; | (ബി) പോലീസ് ക്യാമ്പുകളിലോ പോലീസ് സ്റ്റേഷനുകളിലോ മൂന്നാംമുറയോ പീഡനങ്ങളോ ഉണ്ടായത് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ വിശദമായ അന്വേഷണം നടത്തി നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| സി) പോലീസ് കസ്റ്റഡിയിലെടുത്തയാളെ യഥാസമയം കോടതിയിൽ ഹാജരാക്കാറില്ലെന്ന ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ ; മേൽപ്പറഞ്ഞപ്രകാരമുള്ള എത്ര പരാതികൾ സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഉണ്ടായിട്ടുണ്ട് ; | (സി) പോലീസ് കസ്റ്റഡിയിലെടുത്തയാളെ യഥാസമയം കോടതിയിൽ ഹാജരാക്കിയില്ലെന്നത് സംബന്ധിച്ച് ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) നിരപരാധികളെ കസ്റ്റഡിയിലെടുത്ത് പീഡിപ്പിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ? | (ഡി) നിരപരാധികളെ കസ്റ്റഡിയിലെടുത്ത് പീഡിപ്പിക്കുന്നസംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അപ്രകാരം പ്രവർത്തിക്കുന്നവർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ